കേരള സർക്കാർ

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**

www.lfa.kerala.gov.in

# പടിഞ്ഞാറെ കല്ലട ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**
**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം.**

e-mail:doklm.ksad@kerala.gov.in

**(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)**

നം.- കെ.എസ്.എ-കെ.എൽ.എം/പി/ 10/299/2019

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ കാര്യാലയം, കൊല്ലം

തീയതി –07/05/2019

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)**

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

പടിഞ്ഞാറെ കല്ലട ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് 2017-2018 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

************************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാ ഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2, ഭാഗം 3 എന്നിവയിലെ ഖണ്ഡികകളിലേയ്ക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചുതരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ

15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**

പകർപ്പ്:

1)ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം

3)കാര്യാലയ പകർപ്പ്

നം.- കെ.എസ്.എ-കെ.എൽ.എം/പി/ 10/299/2019 തീയതി: 07/05/2019

**<u>കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്:</u>**

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്തിന്റെ 2017-2018 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 01.07.2017 മുതൽ 31.01.2019 തീയതിവരെ വിവിധ ഇനങ്ങളിലായി നടത്തിയ പണംപിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 20 അന്വേഷണ ക്കുറിപ്പുകൾ നൽകിയതിൽ 17 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റേയോ ലഭ്യമാക്കാത്ത വിവരത്തിന്റേയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

**<u>എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം</u>**

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. മാത്യു റോയി കെ. പി<br>ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.) |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 23.01.2019 മുതൽ<br>02.02.2019 വരെ |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അജി കെ. എസ് ,<br>ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | ശ്രീ.അജ്മൽ എ. എസ് ,<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീ. ലാലു ആർ ,<br>അസി. ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി താര. റ്റി , ഓഡിറ്റർ |

## ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | മഞ്ജു. എസ് | 01.04.2017 മുതൽ 22.11.2017 വരെ |
| | ശുഭ. ജെ | 23.11.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | സീമ. കെ | 01.04.2017 മുതൽ 31.03.2018 വരെ |

## നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ. ജി. വി. ജയകുമാർ | 01.04.2017മുതൽ 31.03.2018വരെ |
| മെഡിക്കൽ ഓഫീസർ ആയുർവേദം | ഡോ. ഷിമ്മി. എസ്. രാജ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ അലോപ്പതി | ഡോ. ലക്ഷ്മി പ്രിയ എ .എസ് | 01.04.2017മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ ഹോമിയോ | ഡോ. പ്രീത | 01.04.2017മുതൽ 31.03.2018 വരെ |
| വി. ഇ. ഒ. | ശ്രീ. രതീഷ് കുമാർ കെ. ആർ | 01.04.2017മുതൽ 31.03.2018 വരെ |
| വി. ഇ. ഒ. | ശ്രീമതി സബൂനിസ | 05.09.2017മുതൽ 31.03.2018 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീമതി ഷീബാ ഫ്രാൻസിസ് | 01.04.2017മുതൽ 31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ. വിജയ് | 01.04.2017മുതൽ 31.03.2018 വരെ |
| അസ്സി എൻജിനിയർ | ശ്രീമതി സരിത . എസ് | 01.04.2017മുതൽ 26.10.2017 വരെ |
| | ശ്രീ.ബി. സുനിൽകുമാർ | 27.10.2017മുതൽ 31.03.2018 വരെ |
| ഐ സി ഡി എസ് സൂപ്പർവൈസർ | ശ്രീമതി അഞ്ചന എം . എസ് | 01.04.2017മുതൽ 17.09.2017 വരെ |
| | ശ്രീമതി കൃഷ്ണകുമാരി അമ്മ | 18.09.2017മുതൽ 03.12.2017 വരെ |
| | ശ്രീമതി സജീന | 04.12.2017മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ്സ് | ശ്രീമതി ലളിതകുമാരി | 01.04.2017മുതൽ 31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി സുനിത.എസ് | 01.04.2017മുതൽ 31.03.2018 വരെ |

## ഉള്ളടക്കം



| ക്രമ നം. | ഭാഗം –1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം. | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം. | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് വെരിഫിക്കേഷൻ | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷിക കണക്കുകളിലെ അപാകതകൾ | 1-12 |
| | ഭാഗം –2 | |
| 13 | തൊഴിൽ നികുതി ഈടാക്കിയിട്ടില്ല | 2-1 |
| | ഭാഗം –3 | |
| 14 | കൃഷി ഭവൻ - വെള്ളക്കരം കുടിശിക ഒടുക്കൽ - അപാകതകൾ | 3-1 |
| 15 | ഉപയോഗരഹിതമായ പൊതുടാപ്പുകൾ കട്ട് ചെയ്ത് ഒഴിവാക്കൽ - പദ്ധതി ലക്ഷ്യം കണ്ടില്ല. | 3-2 |
| 16 | പൊതുടാപ്പ് വെള്ളക്കരം കുടിശിക അടവാക്കൽ - സംയുക്ത പരിശോധന അനിവാര്യം | 3-3 |
| 17 | വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹ 4,97,478/- തടസ്സപ്പെടുത്തുന്നു. | 3-4 |
| 18 | | 3-5 |

| | | |
|---|---|---|
| | സ്ലീറ്റ് മെയിൻ ലൈൻ വലിയ്ക്കൽ - പദ്ധതി ആരംഭിച്ചിട്ടില്ല - ₹ 9,98,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. | |
| 19 | കാലാവധി കഴിഞ്ഞ മരുന്ന് രോഗികൾക്ക് വിതരണം ചെയ്തു: | 3-6 |
| 20 | ചെയിനേജ് രേഖപ്പെടുത്തിയതിൽ അപാകത-അധിക തുക നൽകി | 3-7 |
| 21 | എൻ.ആർ.ഇ.ജി.എസ്-സ്വകാര്യവ്യക്തികൾ ആസ്തി കയ്യേറുന്നത് | 3-8 |
| 22 | പഞ്ചായത്ത് പുറമ്പോക്ക് കൈയ്യേറിയുള്ള കുരിശ് നിർമ്മാണം:(ഫയൽനം:A5/3723/17) പുറമ്പോക്ക് സംരക്ഷണം അനിവാര്യം | 3-9 |
| | **ഭാഗം –4** | |
| 23 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 24 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 25 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4-3 |
| 26 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 27 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 28 | ഓഡിറ്റ് റിക്കവറി | 4-6 |
| 29 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം. | 4-7 |
| 30 | ചാർജ്/സർചാർജ് നടപടികളുടെ വിവരം | 4-8 |
| 31 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 32 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 33 | അനുബന്ധം-1, ഓഡിറ്റ്സാക്ഷ്യപത്രം 2017-18 | 1 |
| 34 | അനുബന്ധം-2, അനുബന്ധപത്രികകൾ | 2 |

## ഭാഗം –1

## പൊതു അവലോകനം

## പൊതു അവലോകനം

1-1 ബജറ്റ്

2017 - 18 വര്‍ഷത്തെ ബജറ്റ് 14.03.2017-ലെ II-ാം നമ്പര്‍ തീരുമാനപ്രകാരവും റിവൈസ്ഡ് ബജറ്റ് 06.02.2018 തീയതിയിലെ VII-ാംനം. തീരുമാനപ്രകാരവും അംഗീകരിച്ചു.

1-2 വാര്‍ഷിക ധനകാര്യപത്രിക.

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാന്‍ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 28.05.2018 | ---- | ---- |

1-3 വാര്‍ഷികധനകാര്യപത്രിക പരിശോധിച്ച് സര്‍ട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വര്‍ഷം | സര്‍ട്ടിഫിക്കേഷന് കണക്കുകള്‍ പരിശോധിച്ച തീയതി | സര്‍ട്ടിഫിക്കറ്റ് നമ്പര്‍/തീയതി |
|---|---|---|
| 2017 - 2018 | 22.06.18 & 23.06.2018 | കെ. എസ്. എ - കെ. എല്‍ .എം/ പി10/1310/18 തീ 09.07.2018 |

1-4 സാമ്പത്തിക വിശകലനം

| ഇനം | തുക (രൂപ) |
|---|---|
| മുന്നിരിപ്പ് | 42,12,327 |
| വരവ് | 5,41,03,848 |
| ആകെ | 5,83,16,175 |
| ചെലവ് | 5,51,39,929 |
| നീക്കിയിരിപ്പ് | 31,76,246 |

## 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുൻ ബാക്കി (രൂപ) | തൻ വർഷ വരവ് (രൂപ) | ആകെ (രൂപ) | ചെലവ് (രൂപ) | നീക്കിയിരിപ്പ് (രൂപ) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | | 0 | 11009000 | 11009000 | 10671146 | 337854 |
| വികസനഫണ്ട് എസ്.സി.പി. | | 0 | 8862584 | 8862584 | 8515956 | 346628 |
| വികസനഫണ്ട് ടി.എസ്.പി. | | 0 | 45981 | 45981 | 0 | 45981 |
| സംരക്ഷണ ഗ്രാന്റ് റോഡ് | | 0 | 3352000 | 3352000 | 2546736 | 805264 |
| സംരക്ഷണ ഗ്രാന്റ് നോൺറോഡ് | | 0 | 2591000 | 2591000 | 2486455 | 104545 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | | 0 | 5170008 | 5170008 | 5033152 | 136856 |
| പെർഫോമൻസ് ഗ്രാന്റ് | | --- | 1352582 | 1352582 | 1289329 | 63253 |
| സാക്ഷരത | | 1000 | 28300 | 29300 | 27572 | 1728 |
| ദുരിതാശ്വാസനിധി | | --- | 4722 | 4722 | 0 | 4722 |
| എം. ജി .എൻ. ആർ. ഇ. ജി. എസ്. | തൊഴിലാളികളുടെ കൂലി | 0 | 12591383 | 12591383 | 12591383 | |
| | ഭരണ ചെലവ് | 91583 | 861797 | 953380 | 951508 | 1872 |
| കേന്ദ്രാവിഷ്കൃത ഫണ്ടുകൾ (ഐ സി ഡിഎസ് ) | | 1334698 | 817696 | 2152394 | 562665 | 1589729 |
| ജോയിന്റ് വെഞ്ച്വർ അക്കൌണ്ട് | ബ്ലോക്ക് പഞ്ചായത്ത് | 750300 | 3496250 | 4246550 | 3582101 | 664449 |
| | ജില്ലാ പഞ്ചായത്ത് | ----- | 1501483 | 1501483 | 1138322 | 363161 |
| ബി ഫണ്ട് | | 0 | 282960 | 282960 | 282960 | 0 |
| തനത് ഫണ്ട് | ബാങ്ക് | (-)1157847 | 6263566 | 5105719 | 4346581 | 859138 |
| | ട്രഷറി | 3192593 | 10559000 | 13751593 | 14060146 | -308553 |

*സംയുക്ത പ്രോജക്ടുകളുടെ ഫണ്ട് വിനിയോഗം - വാർഷിക കണക്ക്, സുലേഖ സ്റ്റേറ്റ്മെന്റ്, ഗ്രാമ പഞ്ചായത്ത് രേഖകൾ എന്നിവയുമായി പൊരുത്തപ്പെടുന്നില്ല.

1-6 പദ്ധതി അവലോകനം.

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 140 | 5,41,12,866 | 115 | 3,70,09,141 | 25 | 3 | 82.14 |

<u>ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ</u>

ഇല്ല.

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിയിരിപ്പ് (₹) |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 91,583 | 8,61,797 | 9,53,380 | 9,51,508 | 1872 |
| ഗുണഭോക്താക്കൾ നേരിട്ട് നൽകുന്നത് | 0 | 12591383 | 12591383 | 12591383 | 0 |
| **ആകെ** | **91583** | **13421180** | **13512763** | **13518891** | **1872** |

1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക (₹) | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 1,32,960 | 231 |
| കർഷകതൊഴിലാളി പെൻഷൻ | 45,22,600 | 419 |
| വിധവാപെൻഷൻ | 89,20,400 | 783 |
| വാർദ്ധക്യകാലപെൻഷൻ | 1,54,55,500 | 1346 |
| വികലാംഗപെൻഷൻ | 34,73,100 | 313 |
| 50 വയസു കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾ | 1,58,100 | 20 |
| വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 1,50,000 | 5 |

1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 31.01.2019 ഉച്ചക്ക് 2.45 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 11,783/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ജോലിവിഭജനരേഖ പ്രകാരം ധനഇടപാടുകളുടെ വിവിധ ജോലികൾ ജീവനക്കാർക്ക് വിഭജിച്ച നൽകുകയും അവർ അത് പരിപാലിച്ച വരുന്നുണ്ട്. രജിസ്റ്ററുകൾ കൃത്യമായി പരിപാലിച്ചുവരുന്നുണ്ട്. നികുതിപിരിവിന്റെ കാര്യക്ഷമത ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി വിലയിരുത്തി നികുതിപിരിവ് ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുന്നതിലും നികുതി പിരിച്ചെടുക്കുന്നതിലും വേണ്ടത്ര കാര്യക്ഷമത പുലർത്തി വരുന്നു.എന്നിരുന്നാലും പഞ്ചായത്തിന്റെ തനത് വരുമാനം വർദ്ധിപ്പിക്കേണ്ടത് അനിവാര്യമാണ്. പുതിയ നികുതി വരുമാന മാർഗ്ഗങ്ങൾ കണ്ടെത്തുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. വ്യക്തമായ അക്കൗണ്ടിംഗ് സമ്പ്രദായം സ്വീകരിച്ചിട്ടുള്ള പഞ്ചായത്തിലെ എല്ലാ വരവുകളും പ്രിന്റഡ് രസീതി നൽകിയാണ് സ്വീകരിക്കുന്നത്. വരവുകൾ ശരിയായ രീതിയിൽ അക്കൗണ്ട് ചെയ്യുകയും ചെലവുകൾ അധികാരപ്പെടുത്തും പ്രകാരം നടത്തി വൗച്ചറുകൾ ചിട്ടയോടെ സൂക്ഷിക്കാൻ ശ്രദ്ധിച്ചിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ക്രമപ്രകാരം പരിശോധിച്ച് അംഗീകരിക്കുന്നുണ്ട്.

ആസ്തിരജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ പര്യാപ്തമാക്കുന്നതിനുമായി അഭ്യന്തരനിയന്ത്രണ സംവിധാനം കൂടുതൽ ശക്തമാക്കേണ്ടതുണ്ട് എന്നും വിലയിരുത്തുന്നു.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2019 | 01.12.2018 മുതൽ 31.12.2018 വരെ | 14.01.2019 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 30.01.2013 മുതൽ 14.02.2013 വരെ | 2011 - 2012 | 13.03.2013 |

1-12 വാർഷിക കണക്കുകളിലെ അപാകതകൾ

<u>ഖണ്ഡിക 1-3-ൽ പരാമർശിച്ച സാക്ഷ്യപത്രത്തിൽ ഉൾപ്പെട്ട അപാകതകളിൽ ചുവടെപ്പറയുന്നവ പരിഹരിക്കുവാൻ അവശേഷിക്കുന്നു.</u>

1.RP-31പ്രകാരം ഗുണഭോക്തൃവിഹിതമിനത്തിൽ വരവ് 14,81,950/-രൂപയും തൻവർഷചെലവ് 14,25,725/-രൂപയുമാണ്. ഇവ തമ്മിലുള്ള വ്യത്യാസം 56,225/-രൂപ. എന്നാൽ ബി4-ഷെഡ്യൂൾ പ്രകാരം 6,750/-രൂപയാണ് ഈയിനത്തിലുള്ളത്.

2.ബാങ്ക്-ട്രഷറി സ്റ്റേറ്റ്മെന്റുകൾ പ്രകാരമുള്ള നീക്കിയിരിപ്പും (2017-18) അക്കൗണ്ട്സ് പ്രകാരമുള്ള നീക്കിയിരിപ്പും തമ്മിൽ പൊരുത്തപ്പെടുന്നില്ല. ഇവ തമ്മിൽ പൊരുത്തപ്പെടുത്തിക്കൊണ്ടുള്ള ബാങ്ക് റീക്കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കിയിട്ടില്ല.

3.ഡെപ്പോസിറ്റ് രജിസ്റ്റർ പൂർണ്ണമല്ല.

4.അഡ്വാൻസ് രജിസ്റ്റർ പൂർണ്ണമല്ല.

5.ഫെയ്സ് വാല്യൂ ഓഫ് അസറ്റ്സ്

| ഇനം | 2016-17 | 2017-18 | വ്യത്യാസം | വ്യത്യാസം RP 38 പ്രകാരം | ഇവ തമ്മിലുള്ള വ്യത്യാസം |
|---|---|---|---|---|---|
| 1.ലാന്റ് | 10,79,501 | 24,75,751 | 13,96,250 | 5,56,250 | 8,90,000/- |
| 2.ഓഫീസ് എക്യുപ്മെന്റ് ഫർണിച്ചർ | 13,61,306 | 19,17,630 | 5,56,324 | 2,28,099 | 3,28,225/- |

6. ഡിബിറ്റി സ്റ്റേറ്റ്മെന്റ് പ്രകാരം 50 വയസ്സിനുമേൽ പ്രായമുള്ള അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ - ട്രാൻസാക്ഷൻ തുക 217800/-രൂപയാണ്. എന്നാൽ I 6 ഷെഡ്യൂൾ പ്രകാരവും ട്രയൽ ബാലൻസ് പ്രകാരവും തുക 1,55,100/- രൂപയാണ്.

7. RP – 16 പ്രകാരം റ്റി.എസ്.പി യിൽ 5,68,000/-രൂപ ചെലവുണ്ട്. എന്നാൽ സുലേഖ സ്റ്റേറ്റ്മെന്റ് പ്രകാരം ഈയിനത്തിൽ ചെലവില്ല.

8. സഞ്ചയ സ്റ്റേറ്റ്മെന്റ്, അക്കൗണ്ട്സ് എന്നിവ പ്രകാരം പ്രോപ്പർട്ടി ടാക്സ് - ഡിമാന്റ് 14,95,294/-രൂപയാണ്. അക്കൗണ്ട്സ് പ്രകാരം കളക്ഷൻ - 11,93,264/- (1178491+14773) (മുൻവർഷ അഡ്വാൻസ്) രൂപയാണ്. ഇത് പ്രകാരം ബാലൻസ് 25,226/-രൂപയുണ്ടെങ്കിലും ബാലൻസ് ഷീറ്റിൽ വന്നിട്ടില്ല.

9. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല.

10. കാലാവധി കഴിഞ്ഞ ചെക്കുകളുടെ വിവരം ബാങ്ക് - റീ -കൺസിലിയേഷൻ സ്റ്റേറ്റ്മെന്റ് തയ്യാറാക്കാത്തതിനാൽ പരിശോധിയ്ക്കാൻ കഴിഞ്ഞിട്ടില്ല.

.പ്രസ്തുത സാക്ഷ്യപത്രത്തിൽ ഉൾപ്പെടാത്ത വാർഷികധനകാര്യപത്രികയുമായി ബന്ധപ്പെട്ട മറ്റ് പരാമർശങ്ങൾ

1.ജില്ലാ സഹകരണബാങ്ക് (തനത് ഫണ്ട്) മുന്നിരിപ്പും നീക്കിയിരിപ്പും വാർഷിക ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല.
2.ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ലാത്തതിനാൽ വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തിയിട്ടില്ല.
3. ജോയിൻറ് വെഞ്ച്വർ പ്രോജക്റ്റിനായി ജില്ലാപഞ്ചായത്തിൽ നിന്നും ബ്ലോക്ക് പഞ്ചായത്തിൽ

നിന്നും ലഭ്യമായ തുകയുടെ ചെലവ് , നീക്കിയിരിപ്പ് തുകകൾ എ.എഫ്.എസിൽ ഉൾപ്പെട്ടിട്ടുള്ളത് പഞ്ചായത്തിൽ സൂക്ഷിച്ചിട്ടുള്ള കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

4.ഓഡിറ്റ് റിക്കവറി എ.എഫ്.എസ് പ്രകാരമുള്ള തുക യഥാർത്ഥ വരവുമായി പൊരുത്തപ്പെടുന്നില്ല.

## ഭാഗം –2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

2-1 തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

1) കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

2017-2018 സാമ്പത്തിക വർഷം പഞ്ചായത്തിൽ 60 ദിവസത്തിൽ കൂടുതൽ ജോലി ചെയ്ത കരാറുകാരിൽ നിന്നും തൊഴിനികുതി ഈടാക്കിയിട്ടില്ല. ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 2017-2018 വർഷം പഞ്ചായത്തിൽ ജോലി ചെയ്ത കരാറുകാരുടെ വിവരങ്ങൾ ഡിമാന്റിൽ ഉൾപ്പെടുത്തി തൊഴിൽനികുതി ഈടാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

**2) റേഷൻ കടകളുടെ തൊഴിൽ നികുതി ഈടാക്കിയില്ല.**

2017-2018 വർഷത്തിലെ ട്രേഡേഴ്സ് ലിസ്റ്റിൽ പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ ഉൾപ്പെട്ടില്ല. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകളുടെ വിവരങ്ങൾ ശേഖരിച്ച് ഡി & ഒ, തൊഴിൽ നികുതി എന്നിവ ഈടാക്കുന്നതിനായി നടപടി സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറിക്ക് നം:18/1.2.2019**

## ഭാഗം –3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

3-1 കൃഷി ഭവൻ - വെള്ളക്കരം കുടിശിക ഒടുക്കൽ - അപാകതകൾ

പ്രോ. നം .- 157/2018

അടങ്കൽ - ₹ 46,688 (മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് )

ചെലവ് – ₹ 45,947 (ബിൽ നം 46/2017- 2018/24.02.18)

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം കൃഷിഭവന്റെ (വാട്ടർ സപ്ലൈ കണക്ഷൻ നം WK/1557/ND) 08/2006 മുതൽ 07/2017 വരെയുള്ള കുടിശ്ശികയായി ₹45,947/- കേരള വാട്ടർ അതോറിറ്റിയിൽ ഒടുക്കുവരുത്തിയിട്ടുണ്ട് . എന്നാൽ വാട്ടർ അതോറിറ്റി ഹാജരാക്കിയ ബില്ലിൽ ഒരോ മാസത്തേയും വെള്ളക്കരം എത്രയാണെന്ന് സൂചിപ്പിച്ചിട്ടില്ല. മാത്രമല്ല ഇത്രയും തുക കുടിശ്ശിക വരാനുള്ള കാരണവും വ്യക്തമല്ല. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിശദമായ ബില്ലുകൾ ലഭിച്ചിട്ടില്ലെന്നും നിലവിലും വാട്ടർ അതോറിറ്റിയിൽ നിന്നും ബില്ലുകൾ ലഭിക്കിന്നില്ലെന്നുമുള്ള മറുപടിയാണ് ലഭിച്ചത്. ആയതിനാൽ ഈയിനത്തിൽ ചെലവഴിച്ച ₹ 45,947/- തടസ്സത്തിൽ വയ്ക്കുന്നു. വാട്ടർ അതോറിറ്റിയിൽ നിന്നും രേഖകൾ ലഭ്യമാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നമ്പർ 08 തീയതി 29.01.2019**

**തടസ്സപ്പെടുത്തിയ തുക – ₹ 45,947/-**

3-2 ഉപയോഗരഹിതമായ പൊതുടാപ്പുകൾ കട്ട് ചെയ്ത് ഒഴിവാക്കൽ - പദ്ധതി ലക്ഷ്യം കണ്ടില്ല.

പ്രോജക്ട് നം 61/2018

അടങ്കൽ : ₹ 24,800 (വികസന ഫണ്ട്)

ചെലവ് : ₹ 18,135/- ബിൽ നം 64/17 -18/ 28.03.18

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ 14 വാർഡുകളിലായി ഉപയോഗ രഹിതമായ 126 ടാപ്പുകൾ കട്ട് ചെയ്യുവാനായി വാട്ടർ അതോറിറ്റി തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ ക്വട്ടേഷൻ ക്ഷണിക്കുകയും കുറഞ്ഞ നിരക്ക് ക്വോട്ട് ചെയ്ത ശ്രീ. സുഭാഷ്കുമാർ എന്ന വ്യക്തിക്ക് ടാപ്പൊന്നിന് ₹155/-ക്രമത്തിൽ പ്രവർത്തി നൽകുകയും 117ടാപ്പുകൾ കട്ട് ചെയ്തതിന് ₹ 18,135/- നൽകുകയും ചെയ്തു . എന്നാൽ ആകെ എത്ര ടാപ്പുകൾ ഉണ്ടെന്നും ഇതിൽ എത്ര എണ്ണം ഉപയോഗയോഗ്യമാണെന്നും സംബന്ധിച്ച് രജിസ്റ്റർ തയ്യാറാക്കിയിട്ടില്ല. മേൽ പദ്ധതി പ്രകാരം 117 ടാപ്പുകൾ കട്ട് ചെയ്തെങ്കിലും വാട്ടർ ചാർജിനത്തിൽ കുറവ് വന്നിട്ടില്ല. നിലവിലും മുൻ മാസങ്ങളിലെ പോലെ 522 ടാപ്പുകൾക്ക് ₹ 5,250 ക്രമത്തിലാണ് വെള്ളക്കരം ഈടാക്കുന്നത്.

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് സംയുക്ത പരിശോധന നിലവിൽ നടക്കുകയാണെന്നും ആയതിൻ പ്രകാരം രജിസ്റ്റർ തയ്യാറാക്കി ഭാവിയിൽ

വെള്ളക്കരം ഒടുക്കുന്ന കാര്യത്തിൽ കൃത്യത വരുത്തുന്നതാണെന്നും മറുപടി നൽകിയിട്ടുണ്ട്. നിലവിലില്ലാത്ത ടാപ്പുകൾക്ക് ഇതുവരെ അധികം നൽകിയ തുക കണക്കാക്കി തിരികെ ഈടാക്കുകയോ വരും മാസങ്ങളിലെ ബില്ലുകളിൽ ക്രമീകരിക്കുകയോ ചെയ്യേണ്ടതാണ്. ചെലവു തുക 18,135/-രൂപ തടസ്സപ്പെടുത്തുന്നു.

**തടസ്സപ്പെടുത്തിയ തുക – 18,135/-രൂപ**

**ഓഡിറ്റ് എൻക്വയറി നം 09/29.01.2019**

3-3 പൊതുടാപ്പ് വെള്ളക്കരം കുടിശിക അടവാക്കൽ - സംയുക്ത പരിശോധന അനിവാര്യം

പ്രോജക്ട് നം 05/2018

അടങ്കൽ : ₹ 5,36,000 (മെയിന്റനൻസ് ഗ്രാന്റ്)

₹ 1,41,250/- (തനത് ഫണ്ട് )

ചെലവ് : ₹ 4,51,500/- ബിൽ നം 12/17 -1/ 01.11.17

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം വെള്ളക്കരം കുടിശ്ശികയിനത്തിൽ ₹ 4,51,500 വാട്ടർ അതോറിറ്റിയിൽ ഒടുക്കിയിട്ടുണ്ട് .ടാപ്പ് ഒന്നിന് ₹ 5,250/- ക്രമത്തിൽ 522 ടാപ്പുകൾ പ്രവർത്തിച്ചതിന്റെ തുകയായിട്ടാണ് പ്രസ്തുത തുക ഒടുക്കിയിരിക്കുന്നത്. എന്നാൽ പൊതു ടാപ്പുകളുടെ എണ്ണം സംബന്ധിച്ച് നാളിതുവരെയായി സംയുക്ത പരിശോധന നടത്തിയിട്ടില്ല. പൊതുടാപ്പുകൾ സംബന്ധിച്ച് വ്യക്തമായ കണക്കുകൾ ഇല്ലാതെ വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്ന പലിശ ഉൾപ്പെടെയുള്ള തുക വർഷം തോറും ഒടുക്കി വരുന്നു. സാമ്പത്തികമായി വളരെ ബുദ്ധിമുട്ട് നേരിടുന്ന പഞ്ചായത്ത് ആയതിനാൽ ഇത്തരത്തിൽ വൻതുകകൾ ഒടുക്കുന്നത് വളരെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. സംയുക്തപരിശോധന നടത്തി പൊതു ടാപ്പുകളുടെ എണ്ണത്തിന് അനുസരിച്ച് വെള്ളക്കരം ഒടുക്കുന്നതിനുള്ള അടിയന്തിരനടപടികൾ സ്വീകരിക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം – 09/29.01.2019**

3-4 വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല ₹ 4,97,478/- തടസ്സപ്പെടുത്തുന്നു.

താഴെ പറയുന്ന പദ്ധതികൾ സംബന്ധിച്ച വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല . വിശദാംശം ചുവടെ ചേർക്കുന്നു.

| **പ്രോജക്ട് നം/ പേര്/ അടങ്കൽ (രൂപ)** | **നിർവഹണ ഉദ്യോഗസ്ഥൻ** | **നൽകിയ തുക (രൂപ)** | **തുക നൽകിയതിന്റെ വിശദാംശം** |
|---|---|---|---|
| 56/18<br>അഷ്ടമുടിക്കായൽ സംരക്ഷണം - കണ്ടൽചെടി നട്ടു പിടിപ്പിക്കൽ<br>1,00,000/- | കൃഷി ഓഫീസർ | 1,00,000/-<br>(വികസന ഫണ്ട്)<br>ബിൽ നം 02/17 – 18/24.08.17 | ജില്ലാ പഞ്ചായത്ത് , കൊല്ലം |
| 188/18<br>ശാസ്താംകോട്ട തടാക സംരക്ഷണം<br>50,000/- | കൃഷി ഓഫീസർ | 50,000/-<br>(വികസന ഫണ്ട്)<br>ബിൽ നം 01/17 – 18/24.08.17 | ജില്ലാ പഞ്ചായത്ത് , കൊല്ലം |
| 114/18<br>ജീവനം - സൗജന്യ ഡയാലിസിസ് തുക നൽകൽ<br>1,00,000/- | സെക്രട്ടറി | 1,00,000/-<br>(വികസന ഫണ്ട്)<br>ബിൽ നം 09/17 -18/28.07.17 | ജില്ലാ പഞ്ചായത്ത് , കൊല്ലം |
| 112/18<br>ഇലക്ട്രിഫിക്കേഷൻ മത്സ്യക്ലബ്ബ് കെട്ടിടങ്ങൾ<br>63,000/- | സെക്രട്ടറി | 63,000/-<br>(വികസന ഫണ്ട്)<br>ബിൽ നം 20/17 -18/30.10.2017 | കെ.എസ്.ഇ.ബി |
| 113/18<br>റീ -ഇലക്ട്രിഫിക്കേഷൻ ഓഫ് കുടുംബശ്രീ ഓഫീസ്<br>95,000/- | സെക്രട്ടറി | 95,000/-<br>ബിൽ നം 27/17 -18/31.10.2017 | കെ.എസ്.ഇ.ബി |
| 31/18<br>ഇലക്ട്രിക്ക് പോസ്റ്റ് മാറ്റി സ്ഥാപിക്കൽ<br>89,478/- | സെക്രട്ടറി | 89,478/-<br>ബിൽ നം 24/17 – 18/25.10.17, തുക – 16,005 | ജില്ലാ പഞ്ചായത്ത് , കൊല്ലം |

| | | | |
|---|---|---|---|
| | | 42/17 -18/20.02.18, തുക – 23,577<br>49/17 -18/14.03.18 തുക – 49,896 | |

മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് വിനിയോഗ രേഖകൾ ലഭ്യമാകുന്ന മുറയ്ക്ക് ഹാജരാക്കാം എന്ന മറുപടിയാണ് ലഭിച്ചത്.വിനിയോഗ രേഖകൾ ഇല്ലാത്തതിനാൽ മേൽ പ്രവർത്തികൾക്കായി ചെലവഴിച്ച ₹ 4,97,478/- രൂപ തടസ്സപ്പെടുത്തുന്നു. വിശദാംശങ്ങൾ അടങ്ങിയ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കി തടസ്സം ഒഴിവാക്കാവുന്നതാണ്.

**തടസ്സം – 4,97,478/-രൂപ**

**ഓഡിറ്റ് എൻക്വയറി നം 01/24.01.2019, 10/29.01.2019**

3-5 സ്ട്രീറ്റ് മെയിൻ ലൈൻ വലിയ്ക്കൽ - പദ്ധതി ആരംഭിച്ചിട്ടില്ല - ₹ 9,98,750/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

പ്രോജക്ട് നം. - 29/2018

അടങ്കൽ ₹ 9,98,750/- (ധനകാര്യ കമ്മിഷൻ അവാർഡ്)

ചെലവ് ₹ 9,98,750/- (ബിൽ നം 10/2017- 2018/29.07.17)

സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രസ്തുത പദ്ധതി പ്രകാരം ₹ 9,98,750/- സ്ട്രീറ്റ് ലൈൻ വലിയ്ക്കുന്നതിനായി കെ.എസ്.ഇ.ബി.യിൽ ഒടുക്കിയിട്ടുണ്ട് അസ്സി.എഞ്ചിനീയർ ഇലക്ട്രിക്കൽ സെക്ഷൻ, ശാസ്താംകോട്ട തയ്യാറാക്കിയ എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിലാണ് തുക ഒടുക്കിയിരിക്കുന്നത്. എന്നാൽ നാളിതുവരെയായി പ്രവർത്തി ആരംഭിച്ചിട്ടില്ല. പ്രസ്തുത വിഷയം സംബന്ധിച്ച് ബഹു. വൈദ്യുതി വകുപ്പ് മന്ത്രിക്ക് 13.11.2018-ൽ പരാതി നൽകിയെങ്കിലും നാളിതുവരെയായി പദ്ധതി പ്രവർത്തനം ആരംഭിച്ചിട്ടില്ല. മേൽ വിഷയം സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് പ്രവർത്തികൾ സീനിയോറിറ്റി ക്രമത്തിലാണ് ചെയ്യുന്നതെന്നും പ്രളയാനന്തര പ്രവർത്തനങ്ങൾ നടക്കുന്നതിനാലാണ് കാലതാമസം വന്നതെന്നും കെ.എസ്.ഇ.ബി. അറിയിച്ചതായി മറുപടി ഹാജരാക്കിയിട്ടുണ്ട് . നാളിതുവരെയായി പ്രവർത്തി ആരംഭിക്കാത്ത സാഹചര്യത്തിൽ ഈയിനത്തിൽ ചെലവഴിച്ച ₹ 9,98,750/- തടസ്സത്തിൽവെയ്ക്കുന്നു. പദ്ധതി പൂർത്തീകരിച്ച് വിനിയോഗ സാക്ഷ്യ പത്രം ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

**ഓഡിറ്റ് എൻക്വയറി നം – 07/29.01.2019**

3-6 കാലാവധി കഴിഞ്ഞ മരുന്ന് രോഗികൾക്ക് വിതരണം ചെയ്തു:

മെഡിക്കൽ ഓഫീസർ, ആയുർവേദം 2017- 18 ൽ നടപ്പിലാക്കിയ മരുന്നു വാങ്ങൽ പദ്ധതിയിൽ (പ്രോജക്ട് നം.37/2018) 5,00,000/- രൂപയുടെ മരുന്നുകൾ ഔഷധിയിൽ നിന്നും വാങ്ങിച്ചിട്ടുണ്ട്. (ബിൽ നം: 01/17 - 18/14-10-17). ഔഷധിയിൽ നിന്നും സപ്ലൈ ചെയ്ത മരുന്നുകളിൽ സുകുമാരഘൃതം (200ml) മുപ്പത് ബോട്ടിലുകൾ (Batch G 24/09) ഡിസംബർ

2016-ൽ കാലാവധി കഴിഞ്ഞവയായിരുന്നു. ഈ മരുന്നുകൾ സ്റ്റോക്കിലെടുത്ത് ജൂൺ 2018 ൽ വിതരണം ചെയ്തിട്ടുള്ളതുമാണ്. ഇത് സംബന്ധിച്ച് 28-01-19-ൽ കൊടുത്ത ഓഡിറ്റ് അന്വേഷണം നമ്പർ 05 ന് നൽകിയ രേഖാമൂലമുള്ള മറുപടിയിൽ ഔഷധി അസി.മാനേജറുടെ കത്ത് ഉൾപ്പെടുത്തിയിട്ടുണ്ട്. ഔഷധിയുടെ കത്ത് പ്രകാരം ഉൽപാദന തിയതി സാങ്കേതിക പിഴവു മൂലം ഇൻവോയിസിൽ തെറ്റായി രേഖപ്പെടുത്തിയതായിട്ടാണ് സൂചിപ്പിച്ചിട്ടുള്ളത്. മരുന്നുകൾ സ്റ്റോക്കിലെടുക്കുമ്പോൾ അവയുടെ കാലാവധി തിയതികൾ പരിശോധിച്ച് Expiry കഴിഞ്ഞവയല്ല എന്ന് മെഡിക്കൽ ഓഫീസർ പരിശോധിച്ച് ഉറപ്പിക്കേണ്ടതാണ്.

3-7 ചെയിനേജ് രേഖപ്പെടുത്തിയതിൽ അപാകത-അധിക തുക നൽകി

പദ്ധതി നം-102/17

നിർവ്വഹണോദ്യോഗസ്ഥൻ-അസിസ്റ്റന്റ് എഞ്ചിനീയർ

ടി.എസ്.നം-9830/16-17

എം.ബുക്ക് നം-32/17-18,34/17-18

എഗ്രിമെൻറ് നം-13/എ.ഇ/എൽ.എസ്.ജി.ഡി/16-17,7-2-17

കരാറുകാരൻ – ശ്രീ. ജോസ്.ഡെന്നീസ്

എസ്റ്റിമേറ്റ്-5 ലക്ഷം രൂപ

കൊച്ചുകളീലിൽ മുക്ക് മുതൽ കാഞ്ഞിരംകാട്ട് റോഡ് റീടാറിംഗ് എന്ന പ്രവർത്തിയുടെ എസ്റ്റിമേറ്റ് റിപ്പോർട്ടിൽ ടി റോഡിന്റെ ആദ്യത്തെ 284 മീറ്റർ നിലവിൽ ടാർ ചെയ്തിട്ടുള്ളതാണെന്നും ബാക്കിയുള്ള 555 മീറ്റർ റീടാർ ചെയ്യുന്നതിനും ഇതിൽ ചെയിനേജ് 701 മുതൽ 738 വരെ ഒരു ലെയർ മെറ്റലിംഗ് നടത്തുന്നതുമാണ് എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്.

പ്രവൃത്തി ടെണ്ടർ ചെയ്തതിൽ ഏറ്റവും കുറഞ്ഞ റേറ്റായ 4,12,326.69/-ക്വാട്ട് ചെയ്ത ജോസ് ഡെന്നീസ് വർക്ക് പൂർത്തീ കരിച്ച് ബിൽ തുക കൈപ്പറ്റിയിട്ടുണ്ട്. എം.ബുക്ക് നം-32/17-18, 34/17-18 എന്നിവയിൽ 555 മീറ്റർ റീടാർ ചെയ്തതായി അളവുകൾ രേഖപ്പെടുത്തുകയും എസ്റ്റിമേറ്റ് റേറ്റ് പ്രകാരം ആകെ 4,96,657.79/-രൂപ കണക്കാക്കി കരാറുകാരൻ ക്വാട്ട് ചെയ്ത 4,12,326/-രൂപ അനുവദിച്ചു. എന്നാൽ എം. ബുക്കിൽ ചെയിനേജ് രേഖപ്പെടുത്തിയിരിക്കുന്നത് റോഡിന്റെ 821.20 മീറ്റർ വരെ മാത്രം റീടാർ ചെയ്തിട്ടുള്ളതായാണ് . കൂടാതെ 697 മുതൽ 716.2 വരെയുള്ള ചെയിനേജിൽ വിവിധ ഇനങ്ങൾ ചെയ്തതിന്റെ അളവുകൾ രേഖപ്പെടുത്തിയിരിക്കുന്നതിൽ താഴെപ്പറയും പ്രകാരം അപാകതകൾ കാണുന്നു. പേജ്-19:-ൽ ഇനം .6 ചിപ്പിംഗ് കാർപ്പറ്റ് (പേജ് 24), ഇനം 7, സീൽ കോട്ട് (പേജ് 27) ഇനം-5-tack coat- 697മുതൽ716.2 വരെ എന്ന് രേഖപ്പെടുത്തിയെങ്കിലും ടി -19.2 മീറ്റർ-ന് പകരം 37 മീറ്റർ ചെയ്തതായി കാണിച്ച് മേൽ ഇനങ്ങൾക്ക് അധികം പ്രതിഫലം നൽകി.

ഇപ്രകാരം 17.8 മീറ്റർ കൂടുതൽ ഉൾപ്പെടുത്തിയതിനാൽ അധികം തുക കരാറുകാരന് നൽകിയതായി കാണുന്നു.

വിശദവിവരം ചുവടെ ചേർക്കുന്നു.

1) tack coat

അധികം പ്രതിഫലം നൽകിയ അളവ് – $17.8 \times 3 = 53.4\ m^2$

അധികം നൽകിയ തുക – $53.4 \times 12.4 = 662.16$

2) Chipg Carpet

അധികം രേഖപ്പെടുത്തിയ അളവ് – $17.8 \times 3 = 53.4\ m^2$

അധികം നൽകിയ തുക – 53.4 x 134 = 7155.6

3)<u>Seal coat</u>

അധികം രേഖപ്പെടുത്തിയ അളവ് – 17.8 x 3 = 53.4 $m^2$

അധികം നൽകിയ തുക – 53.4 x 54.5 = 2910.3

**ആകെ – 10,728/-രൂപ**

ടി വിഷയം സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ചെയിനേജ് മാർക്ക് ചെയ്തപ്പോഴുണ്ടായ പിശകാണെന്നും അളവിലും ക്വാണ്ടിറ്റിയിലും കുറവുണ്ടായിട്ടില്ല എന്നും മറുപടി ലഭ്യമാക്കി. ചെയിനേജ് മാർക്ക് ചെയ്തതിൽ വന്ന പിശകാണ് എന്ന മറുപടി അംഗീകരിക്കാവുന്നതല്ല. 10,728/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കേണ്ടതാണ്.

**ഓഡിറ്റ് എൻക്വയറി നം-14/17-18,30-1-19.**

**ബിൽ നം. – 25/04.01.2018**

**നിരാകരിച്ച തുക- 10,728/-രൂപ**

3-8 എൻ.ആർ.ഇ.ജി.എസ്-സ്വകാര്യവ്യക്തികൾ ആസ്തി കയ്യേറുന്നത്

മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി പ്രകാരം 11-വാർഡിൽ നന്നിൻപുറം തോട് കയർ ഭൂവസ്ത്രം ഉപയോഗിച്ച് സംരക്ഷണം എന്ന പ്രവർത്തിയിൽ 4,55,675/-രൂപ അടങ്കൽ വച്ച് 28-3-18-ൽ പൂർത്തീകരിച്ചിട്ടുണ്ട് (എം. ബുക്ക് നം-107/17-18 ). 4,48,759/-ചെലവ് വന്ന ടി പ്രവർത്തിയുമായി ബന്ധപ്പെട്ട എൻ.ആർ.ഇ.ജി.എസ്. എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥല പരിശോധനയിൽ ശ്രദ്ധിക്കപ്പെട്ട അപാകതകൾ താഴെ പറയുന്നു. തോട് നിർമ്മിച്ച് കയർ ഭൂവസ്ത്രം വിരിച്ചിട്ടുണ്ടെങ്കിലും തോടിന്റെ രണ്ടു വശങ്ങളും സ്വകാര്യ വ്യക്തികളുടെ പുരയിടം/ വയൽ എന്നിവയിൽ നിന്നും വേർതിരിച്ചിട്ടില്ല. തോടിന്റെ ആദ്യത്തെ 100 മീറ്റർ ഭാഗത്തുള്ള ഒരു സൈഡും ടി ഭാഗത്തെ പുരയിടത്തിന്റെ അതിർത്തിയും ഒന്നാണ്. അതിർത്തിയിൽ നിൽക്കുന്ന വൃക്ഷങ്ങളുടെ ചുവട്ടു ഭാഗത്തേക്ക് കയർ ഭൂവസ്ത്രം ഉറപ്പിച്ചിരിക്കുന്നു. മറു സൈഡിൽ വയലിനോട് ചേർന്ന ഭാഗം സ്വകാര്യ വ്യക്തികൾ കയ്യേറിയ നിലയിലാണ്. ടി വിഷയവുമായിബന്ധപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് , നന്നിൻപുറം ഏലാ കൃഷിക്ക് യോഗ്യമാക്കുന്നതിന് നിലനിന്നിരുന്ന തോടാണെന്നും നികന്നുപോയ തോട് തൊഴിലുറപ്പ് പദ്ധതിയിൽപ്പെടുത്തി 2016-17-ൽ പുനർനിർമ്മിക്കുകയും 2017-18-ൽ കയർ ഭൂവസ്ത്രം ഉപയോഗിച്ച ബലപ്പെടുത്തുകയുമാണ് ചെയ്തതെന്നും ആസ്തിയിൽ അപ്ഡേറ്റ് ചെയ്യുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും മറുപടിനല്കി. എന്നാൽ പഞ്ചായത്തിന്റെ ആസ്തിരേഖകൾ പ്രകാരമുള്ള അളവുകൾ ലഭ്യമായിട്ടില്ല. കൃത്യമായ അളവുകൾ രേഖപ്പെടുത്തി ആസ്തിയിൽ ഉൾപ്പെടുത്തേണ്ടതാണ്. പുറമ്പോക്ക് രജിസ്റ്റർ, ആസ്തി രജിസ്റ്റർ എന്നിവ സൂക്ഷിക്കേണ്ടതും ആസ്തി കയ്യേറ്റം തടയുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

**ഓഡിറ്റ് എൻക്വയറി നം. –15/31.01.2019**





3-9. പഞ്ചായത്ത് പുറമ്പോക്ക് കൈയ്യേറിയുള്ള കുരിശ് നിർമ്മാണം:(ഫയൽനം:A5/3723/17)
പുറമ്പോക്ക് സംരക്ഷണം അനിവാര്യം

പടിഞ്ഞാറെ കല്ലട ഗ്രാമപഞ്ചായത്ത് ഏഴാം വാർഡിൽ ഉൾപ്പെടുന്നതും ആസ്തി രജിസ്റ്ററിൽ ക്രമനമ്പർ 52 ആയി ഉൾപ്പെട്ടിട്ടുള്ള പാട്ടമ്പലം- പള്ളിക്കടവ് റോഡ് അവസാനിക്കുന്ന സർവ്വേ നമ്പർ 298 ആറ്റുപുറമ്പോക്ക് സ്ഥലത്ത് സെന്റ് മേരീസ് ഓർത്തഡോക്സ് പള്ളി അധികാരികൾ 2.70 മീറ്റർ ഉയരമുള്ളതും 10.89 ചതുരശ്ര മീറ്റർ വിസ്തൃതിയുള്ള കോൺക്രീറ്റ് കുരിശ് സ്ഥാപിച്ചിട്ടുണ്ട്. പുഴ പുറമ്പോക്ക് അനധികൃതമായി കൈയ്യേറുകയും CRZ മേഖലയിൽ തീരദേശ പരിപാലന നിയമം ലംഘിച്ചുമാണ് കുരിശ് നിർമ്മാണം നടത്തിയിട്ടുള്ളത്.അനധികൃത നിർമ്മാണം ബോധ്യപ്പെട്ട പഞ്ചായത്ത് അധികാരികൾ 20-12-16ൽ എ 4-5518/16 നമ്പർ നോട്ടീസ് നൽകിയിരുന്നു. ആയതിന് പള്ളി അധികൃതർ 6-6-17 ൽ പഞ്ചായത്തിൽ നൽകിയ മറുപടിയിൽ കുരിശ് അനധികൃതമായും നൂതനമായും നിർമ്മിച്ചതല്ല എന്നാണ് അറിയിച്ചിട്ടുള്ളത്. ഈ വിഷയവുമായി ബന്ധപ്പെട്ട് ഒരു സബ് കമ്മിറ്റി രൂപീകരിക്കുകയും കമ്മിറ്റി 04-07-17 ,2.30 pm ന് യോഗം ചേർന്ന് പഞ്ചായത്തിൽ നിക്ഷിപ്തമായ സ്ഥലം കൈയ്യേറി നിർമ്മിച്ച കുരിശ് നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുവാൻ തീരുമാനിക്കുകയും ഇതേ ദിവസം തന്നെ പള്ളി അധികൃതരുമായി 3 pm ന് സംയുക്ത യോഗം ചേർന്ന് വിവരം അറിയിച്ചിട്ടുള്ളതുമാണ്. 18-07-2017ൽ കൂടിയ പഞ്ചായത്ത് കമ്മിറ്റിയുടെ 30 നമ്പർ തീരുമാനപ്രകാരവും sub Committee ചർച്ചയുടെ തീരുമാനപ്രകാരവും പള്ളി അധികൃതരോട് അന്തിമ തീരുമാനം 30-7-17 ന് തന്നെ പഞ്ചായത്തിൽ അറിയിക്കുവാൻ ആവശ്യപ്പെട്ടു. കുരിശ് നിലനിർത്താൻ പഞ്ചായത്തിൽ നിന്നും സഹായിക്കണമെന്ന മറുപടിയാണ് പള്ളി സെക്രട്ടറി 30-7-17ൽ സമർപ്പിച്ചിട്ടുള്ളത്. ഇതിന് ശേഷം പഞ്ചായത്ത് അധികാരികൾ അനധികൃത നിർമ്മാണം പൊളിച്ചു മാറ്റുന്നതിനുള്ള യാതൊരു നടപടികളും നാളിതുവരെ സ്വീകരിച്ചിട്ടില്ല.

1996 ലെ കേരള പഞ്ചായത്ത് രാജ് (കയ്യേറ്റം നീക്കലും അനധികൃതമായ കൈവശം വയ്ക്കുന്നതിന് പിഴ ചുമത്തലും ഈടാക്കലും) ചട്ടങ്ങൾ പ്രകാരമുള്ള നിയമ നടപടികൾ സ്വീകരിച്ച് അനധികൃത നിർമ്മാണം പൊളിച്ചു നീക്കി ആറ്റുപുറമ്പോക്ക് സംരക്ഷിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്ത് അധികാരികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം –4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | വർഷം | തുക (₹) | പ്രോജക്ടിന്റെ പേര് | ചെലവ് (₹) | ബാലൻസ് (₹) |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 1,00,000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 1,00,000 | പാലിയേററീവ് കെയർ | 49,437 | 50,563 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 10,50,000 | പോത്തുകുട്ടി വളർത്തൽ | 8,97,750 | 1,52,250 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 56,250 | സമഗ്ര നെൽക്കൃഷി | 56,250 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 5,00,000 | കാർഷിക വിപണിക്ക് സ്ഥലം വാങ്ങൽ | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 10,00,000 | ലൈഫ് മിഷൻ | 543185 | 456815 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 5,00,000 | പാലിന് സബ്സിഡി | 5,00,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 90,000 | ജൈവ പച്ചക്കറിക്കൃഷി | 90,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് | 2017-2018 | 1,00,000 | അനുപൂരക പോഷകാഹാരം | - | 1,00,000 |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 10,89,483 | 3-അങ്കണവാടികൾക്ക് കെട്ടിട നിർമ്മാണം | 7,263,22 | 3,63,161 |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 1,25,000 | അങ്കണവാടി പോഷകാഹാരം | 93,002 | 31,998 |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 100000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 1,00,000 | |
| ജില്ലാ പഞ്ചായത്ത് | 2017-2018 | 1,87,000 | കറവ പശുക്കൾക്ക് കാലിത്തീറ്റ | 1,87,000 | |

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനത്തിൽ ഡെപ്പോസിറ്റ് വർക്കായി പ്രവർത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റേയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നം/ ബിൽ നം | മുൻകൂർ നൽകിയ തുക (രൂപ) | ചെലവഴിച്ച തുക (രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|
| കെ.എസ് ഇ. ബി | ലൈൻ നീട്ടൽ | 10/17 – 18/ 28.07.17 | 9,98,950 | - | 9,98,950 |
| | പോസ്റ്റ് ഷിഫ്റ്റിംഗ് | 24/17 – 18/ 13.10.17 | 16,005 | - | 16,005 |
| | | 42/17 – 18/ 12.02.18 | 23,577 | - | 23,577 |
| | | 49/17 – 18/14.03.18 | 49,896 | | 49,896 |
| | ഇലക്ട്രിഫിക്കേഷൻ മൽസ്യക്ലബ് കെട്ടിടം | 26/17 – 18/30.10.17 | 63,000 | | 63,000 |
| | റീ ഇലക്ട്രിഫിക്കേഷൻ ഓഫ് കുടുംബശ്രീ ഓഫീസ് | 27/17-18/31.10.17 | 95,000 | - | 95,000 |

4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തീയതി | വായ്പ തുക (₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക (₹) | തൻവർഷം തിരിച്ചടച്ച തുക (₹) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| ഇ.എം.എസ്സ്. ഭവന പദ്ധതി ലോൺ തിരിച്ചടവ് | 951/2010/ തീ 19.03.2010 | 1,14,45,000 | 22,13,622 | 1,97,190 | 0 | 20,16,432 |

4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 56,000/- രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക (രൂപ) | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2014 - 2015 | 3.1 | 50,000 | പ്രസന്നൻ, അസി.സെക്രട്ടറി | 117020900004/ 14.03.18 |
| 2016 - 2017 | 3.10 | 6,000 | റാഫേൽ, വി.ഇ.ഒ | 117130102748/ 07.03.18 |

4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം.

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2002-03 | 3-11 | 2006-07 | 3 -14(1) | ജനകീയ പാർപ്പിട പദ്ധതി | നടപടി തുടരുന്നു |
| 2002-03 | ഡി.സി.ബി സ്റ്റേറ്റ്മെന്റ് | 2006-07 | 3-11-3 | തൊഴിൽക്കരം സംബന്ധിച്ച് | നടപടി തുടരുന്നു |
| 2002-03 | 3-7 | 2006-07 | 3(11)(8) | പൊതുമരാമത്തു പ്രവർത്തികൾ സംബന്ധിച്ച് | നടപടി തുടരുന്നു |

4-8 ചാർജ്/സർചാർജ് നടപടികളുടെ വിവരം

ഇല്ല.

4-9 ഓഡിറ്റ് പ്രത്യവലോകനം

**(എ) സംക്ഷിപ്ത വിവരം**

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,83,16,175/- |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,51,39,929/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | 10,728/- |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 15, 60,310/- |

**(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം**

| ഖണ്ഡിക | നഷ്ടമായ തുക | | പേര്/ഉദ്യോഗസ്ഥൻ |
|---|---|---|---|
| | ചാർജ് | സർചാർജ് | |
| 3-7 | ---- | 10,728 | ശ്രീ. ബി.സുനിൽ കുമാർ, അസിസ്റ്റന്റ് എഞ്ചിനീയർ |

**<u>ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക</u>**

| ഖണ്ഡിക നമ്പർ | തുക (₹) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-1 | 45,947 | ശ്രീമതി സീമ , സെക്രട്ടറി |
| 3-2 | 18,135 | ശ്രീമതി സീമ , സെക്രട്ടറി |
| 3-4 | 3,47,478 | ശ്രീമതി സീമ , സെക്രട്ടറി |
| | 1,50,000 | ശ്രീമതി സുനിത എസ് , കൃഷി ഓഫീസർ |
| 3-5 | 9,98,750 | ശ്രീമതി സീമ , സെക്രട്ടറി |
| **ആകെ** | **15,60,310** | |

**(സി) <u>കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം</u>**

ഇല്ല

**(ഡി) <u>നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ</u>**

ഇല്ല

**<u>ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന്/ തടസ്സത്തിന് ഉത്തരവാദിയായവരുടെ സ്ഥിരം മേൽവിലാസം</u>**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| സീമ.കെ<br>സെക്രട്ടറി | പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് | പരപ്പാടിയിൽ വീട്,<br>പുതുക്കാട്<br>ചവറ |
| സുനിത.എസ്<br>കൃഷി ഓഫീസർ | പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് | സ്വാമീകൃപ<br>പെരുമ്പുഴ പി.ഒ ,<br>കൊല്ലം |
| സുനിൽകുമാർ<br>അസി.എഞ്ചിനീയർ | പടിഞ്ഞാറേ കല്ലട ഗ്രാമപഞ്ചായത്ത് | മാണിക്യം<br>നേതാജി നഗർ<br>കിളികൊല്ലൂർ.പി.ഒ<br>കൊല്ലം |

4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1994-95 & 1995-96 | എൽ.എഫ്.ക്യൂ./പി 8/1197(5)/14 തീയതി – 9.6.14 | 5 |
| 1996-97 | എൽ.എഫ്.ക്യൂ./പി 8/1197(6)/14 തീയതി.9.6.14 | 11 |
| 1997-98 | എൽ.എഫ്.ക്യൂ./പി 8/1197(7)/14 തീയതി.9.6.14 | 1 |
| 1998-99 | എൽ.എഫ്.ക്യൂ./പി 8/1197(8)/14 തീയതി.9.6.14 | 12 |
| 1999-00 | എൽ.എഫ്.ക്യൂ./പി 8/1197(9)/14 തീയതി- 20.06.14 | 3 |
| 2000-01 | എൽ.എഫ്.ക്യൂ./പി 6/1197(10)/14 തീയതി -20.06.14 | 3 |
| 2001-02 | എൽ.എഫ്.ക്യൂ./പി 8/1197(11)/14 തീയതി -20.06.14 | 1 |
| 2002-03 | എൽ.എഫ്.ക്യൂ./പി 8/1197(12)/14 തീയതി -20.06.14 | 9 |
| 2003-04 | എൽ.എഫ്.ക്യൂ./പി 8/1197(13)/14 തീയതി -20.6.14 | 14 |
| 2004-05 | എൽ.എഫ്.ക്യൂ./പി 8/1197(14)/14 തീയതി -20.6.14 | 12 |
| 2005-06 | എൽ.എഫ്.ക്യൂ./പി 8/1197(15) തീയതി -20.6.14 | 19 |
| 2006-07 | എൽ.എഫ്.ക്യൂ./പി 8/1197(16)/14 തീയതി -20.6.14 | 10 |
| 2007-08 | എൽ.എഫ്.ക്യൂ./പി 8/1197(17)/14 തീയതി -20.06.14 | 11 |
| 2008-09 | എൽ.എഫ്.ക്യൂ./പി 8/1197(18)/14 തീയതി -20.6.14 | 5 |
| | | |

| | | |
|---|---|---|
| 2009-10 | എൽ.എഫ്.ക്യൂ./പി 7/1058/11, തീയതി – 9.11.12/11.12.12 | 8 |
| 2010-11 & 2011-12 | കെ.എസ്.എ – കെ.എൽ.എം./പി 7/1343/16, തീയതി – 2/9/2016 | 14 |
| 2012-13 & 2013-14 | കെ.എസ്.എ.- കെ.എൽ.എം./പി 7/703/16 തീയതി – 21/5/2016 | 20 |
| 2014-15 | കെ.എസ്.എ.-കെ.എൽ.എം./പി 7/336/17, തീയതി – 29/7/2017 | 20 |
| 2015-16 | കെ.എസ്.എ.-കെ.എൽ.എം./പി 10/57/17, തീയതി – 20/10/2017 | 17 |
| 2016 - 17 | കെ.എസ്.എ.- കെ.എൽ.എം./പി 10/1/18 തീയതി – 2/2/2018 | 20 |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

അനുബന്ധം -1

ഓഡിറ്റ്സാക്ഷ്യപത്രം 2017-18

നം./കെ.എസ്.എ.-കെ.എൽ.എം./പി10/299/19

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം,

പഴയ മുനിസിപ്പൽ ബിൽഡിംഗ്,

ചിന്നക്കട, കൊല്ലം.

പിൻ - 691 001, Ph: 0474 – 2740141

E-mail: doklm.ksad@kerala.gov.in

തീയതി: 07/05/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 4-ാം വകുപ്പ്, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കൊല്ലം ജില്ലയിലെ **പടിഞ്ഞാറെകല്ലട ഗ്രാമപഞ്ചായത്തിന്റെ 2017-18** വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ **പടിഞ്ഞാറെകല്ലട ഗ്രാമപഞ്ചായത്തിന്റെ** 2017-18-ലെ വാർഷികധനകാര്യപത്രിക, വരവ്-ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

**ഡെപ്യൂട്ടിഡയറക്ടർ(ഹ.ഗ്രേ.)**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

അനുബന്ധം -2

അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ.)**

**ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം**

**കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്**